# കളിപ്പെട്ടി

## വിവരവിനിമയ സാങ്കേതികവിദ്യ

## സ്റ്റാൻഡേർഡ്

## 4

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
**2025**

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :

**Kerala Infrastructure and Technology for Education [KITE]**
Poojappura, Thiruvananthapuram - 695012, Kerala
For **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram - 695012, Kerala

First Edition : 2025
Website : www.kite.kerala.gov.in, www.scertkerala.gov.in
email : contact@kite.kerala.gov.in, scertkerala@gmail.com
Phone : 0471-2529800, 0471-2341883, Fax: 0471-2529810, 0471-2341869
Type setting : KITE
Layout : KITE
Printed at : KBPS, Kakkanad, Kochi - 30
© Department of Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

കമ്പ്യൂട്ടറെന്ന ചങ്ങാതിയുടെ
കുറേയേറെ വിശേഷങ്ങൾ
മുൻക്ലാസുകളിൽ പരിചയപ്പെട്ടല്ലോ.

കളിയോടൊപ്പം കുറേക്കൂടി
ഗൗരവമായ പ്രവർത്തനങ്ങൾക്കായി
കമ്പ്യൂട്ടർ ഉപയോഗിക്കുന്നത് എങ്ങനെയെന്ന്
പരിചയപ്പെടുത്തുകയാണ് ഈ പുസ്തകത്തിലൂടെ.

ഭാഷയും കണക്കും പഠിക്കാൻ മാത്രമല്ല,
പാട്ടും താളവും ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങളും
ഇതിലുണ്ട്.

കൂടാതെ, ഈ ചങ്ങാതിയോട് സംസാരിക്കുന്നതെങ്ങനെ
എന്നും നിങ്ങൾ മനസ്സിലാക്കും.

ഒപ്പം, നിങ്ങളുടെ ചുറ്റുപാടുമുള്ള കാഴ്ചകൾ നേരിട്ടു
നിരീക്ഷിക്കാനും താരതമ്യം ചെയ്യാനും ശ്രമിക്കുമല്ലോ.

സ്നേഹാശംസകളോടെ,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം

# വിവരവിനിമയ സാങ്കേതികവിദ്യ-IV

## പാഠപുസ്തക രചനാസമിതി

**ചെയർമാൻ**

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**അംഗങ്ങൾ**

**അഭയദേവ് എസ്,** മാസ്റ്റർ ട്രെയിനർ, കൈറ്റ് ഇടുക്കി

**സിന്ധു വൈ**, മാസ്റ്റർ ട്രെയിനർ, കൈറ്റ് പാലക്കാട്

**ഷാജി സി.കെ**, മാസ്റ്റർ ട്രെയിനർ, കൈറ്റ് മലപ്പുറം

**പ്രദീപ്കുമാർ ടി**, സംഗീതാധ്യാപകൻ, സി.എച്ച്.എം.കെ.എം.എച്ച്.എസ്.എസ്, കാവനൂർ, മലപ്പുറം

**ജേക്കബ് സത്യൻ**, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മല്ലപ്പള്ളി, പത്തനംതിട്ട

**നിധിൻ ജോസ്**, മാസ്റ്റർ ട്രെയിനർ കോഡിനേറ്റർ, കൈറ്റ് കോട്ടയം

**ഉമ കെ.ആർ**, എൽ.പി.എസ്.എ, എ.എം.എൽ.പി.എസ്, മൊറയൂർ, കീഴ്മുറി, മലപ്പുറം

**ശ്രീകുമാർ പി.ആർ**, മാസ്റ്റർ ട്രെയിനർ, കൈറ്റ് കോട്ടയം

**സിന്ധു എ**, മാസ്റ്റർ ട്രെയിനർ, കൈറ്റ് കണ്ണൂർ

**പി. യഹിയ**, എച്ച്.എസ്.എസ്.ടി.റിട്ട, ഗവ. മോഡൽ എച്ച്.എസ്.എസ്. കോഴിക്കോട്

**അബ്ദുൽഹക്കീം സി.പി**, സോഫ്റ്റ്‌വെയർ കൺസൾട്ടന്റ്, കൈറ്റ് മലപ്പുറം

**ഹസൈനാർ മങ്കട**, മാസ്റ്റർ ട്രെയിനർ കോഡിനേറ്റർ, കൈറ്റ് മലപ്പുറം

**ഡോ. ഷാനവാസ് കെ**, മാസ്റ്റർ ട്രെയിനർ കോഡിനേറ്റർ, കൈറ്റ് മലപ്പുറം

**ചിത്രീകരണം**

**ഇഖ്ബാൽ എം.കെ,** മാസ്റ്റർ ട്രെയിനർ, കൈറ്റ് പാലക്കാട്
**ഇ. സുരേഷ്,** കാർട്ടൂണിസ്റ്റ്, പള്ളിക്കര, കോഴിക്കോട് (കവർ)

**കോഡിനേറ്റർ**

**മുഹമ്മദ് അസ്‌ലം എ.ആർ,** അക്കാദമിക് കോഡിനേറ്റർ, കൈറ്റ് തിരുവനന്തപുരം

**അക്കാദമിക് കോഡിനേറ്റർ**

**ഡോ. ധന്യ ജി,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.


**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 695 012

# ഉള്ളടക്കം


1. ചിത്രം വരയ്ക്കാം ........................................ 07
2. റോമൻ അക്കങ്ങൾ........................................ 09
3. ഉന്നം പിടിക്കാം, ഗുണനം പഠിക്കാം........................................ 11
4. കനാൽ കടക്കാം........................................ 13
5. 24 മണിക്കൂർ ക്ലോക്ക് ........................................ 15
6. ക്രമത്തിലാക്കാം........................................ 17
7. പിയാനോ വായിക്കാം........................................ 19
8. കമ്പ്യൂട്ടറിലെഴുതാം........................................ 24
9. ഞാനെവിടെ?........................................ 26
10. കലണ്ടറിലെ കളികൾ........................................ 28
11. സംസ്ഥാനങ്ങളും തലസ്ഥാനങ്ങളും........................................ 30
12. ചുറ്റുമുള്ള അളവ്........................................ 32
13. മുങ്ങിക്കപ്പലിനെ സഹായിക്കാം........................................ 34
14. ഉത്സവമേളം........................................ 36
15. വഴി കാണിക്കാം ........................................ 40
16. തുല്യമായി ഭാഗിക്കാം........................................ 42
17. അനുസരണയുള്ള കമ്പ്യൂട്ടർ........................................ 45
18. രൂപങ്ങൾ നിർമ്മിക്കാം ........................................ 48
19. വലയിലാക്കാം ........................................ 50

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1][**പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി**] സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും**;

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും**;

പദവിയിലും അവസരത്തിലും **സമത്വവും**; സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്ട് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്ട് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

## അധ്യായം 1

# ചിത്രം വരയ്ക്കാം






## പ്രവർത്തനത്തിലേക്ക്...

### ഡ്രോയിങ്












# അധ്യായം 2

# റോമൻ അക്കങ്ങൾ







റോമൻ അക്കങ്ങളെക്കുറിച്ച് അറിയാൻ ജികോംപ്രിസിലെ '**റോമൻ അക്കങ്ങൾ**' എന്ന ഗെയിം കളിച്ചുനോക്കൂ.

## പ്രവർത്തനത്തിലേക്ക്...

ജികോംപ്രിസ് ചരിത്രം റോമൻ അക്കങ്ങൾ








**എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കണേ...**

## അധ്യായം 3

# ഉന്നം പിടിക്കാം, ഗുണനം പഠിക്കാം









# പ്രവർത്തനത്തിലേക്ക്...

ടക്സ് മാത്ത്




പ്ലേ എലോൺ




മാത്ത് കമാന്റ് ട്രെയിനിങ് അക്കാദമി




മൾട്ടിപ്പിൾസ് ഓഫ് 3












## അധ്യായം 4

# കനാൽ കടക്കാം








## പ്രവർത്തനത്തിലേക്ക്...

ജികോംപ്രിസ് →  → പരീക്ഷണം 

→ കനാൽ പൂട്ട് പ്രവർത്തിപ്പിക്കാം 






ജലവിതാനം സമമാക്കാൻ ഈ പൂട്ടുകളാണ് തുറക്കേണ്ടത്.



ബോട്ടിന് കനാലിലൂടെ ഇരുവശങ്ങളിലേക്കും സഞ്ചരിക്കാൻ കഴിയുന്ന രീതിയിൽ പൂട്ടുകളും ഗേറ്റുകളും ശരിയായ ക്രമത്തിൽ തുറക്കൂ.

അധ്യായം 5

# 24 മണിക്കൂർ ക്ലോക്ക്









## പ്രവർത്തനത്തിലേക്ക്...












## അധ്യായം 6
# ക്രമത്തിലാക്കാം






## പ്രവർത്തനത്തിലേക്ക്...

ജികോംപ്രിസ്






വേർഡ്സ്




ഓർഡറിങ് സെന്റൻസസ്






**നൽകിയിരിക്കുന്ന വാക്കുകൾ ഉപയോഗിച്ച് അർഥമുള്ള വാക്യങ്ങൾ നിർമ്മിക്കൂ...**




ജികോംപ്രിസിന്റെ ഭാഷ ഇംഗ്ലീഷിലേക്കു മാറ്റിയ ശേഷമാണ് ഈ ഗെയിം കളിക്കേണ്ടത്.

### അധ്യായം 7

# പിയാനോ വായിക്കാം

**മീനുവിന്റെ ജന്മദിനം കേക്ക് മുറിച്ച്, പാട്ടുപാടി ആഘോഷിക്കുകയാണ് കൂട്ടുകാർ.**









**കൂട്ടുകാർ പാടിയ പാട്ട് ശ്രദ്ധിച്ചല്ലോ. ഈ പാട്ട്, കമ്പ്യൂട്ടറിലെ പിയാനോയിൽ കേട്ടുനോക്കിയാലോ...**

## പ്രവർത്തനത്തിലേക്ക്...




**ഇനി, ലെവൽ 7 തുറന്ന് ടീച്ചറുടെ സഹായത്തോടെ കമ്പ്യൂട്ടറിലുള്ള ജന്മദിനഗാനം കേട്ടുനോക്കൂ.**




**പാട്ട് കേട്ടല്ലോ.**

**ഈ പാട്ട് നമുക്ക് പിയാനോയിൽ തയ്യാറാക്കിനോക്കാം.**

**ഇതിനായി ലെവൽ 1 തുറക്കാം.**




അടുത്ത കീകൾ കിട്ടാൻ ഇവിടെ അമർത്തിയാൽ മതി.

പാട്ട് തയ്യാറാക്കാൻ ഈ കീകളിൽ ഓരോന്നായി അമർത്തിയാൽ മതി.

G4 G4 A4 G4 C5 B4 B4
G4 G4 A4 G4 D5 C5 C5

ഈ ക്രമത്തിലാണ് കീകളിൽ അമർത്തേണ്ടത്.

പൂർത്തിയായാൽ പാട്ട് പ്രവർത്തിപ്പിച്ചു കേട്ടുനോക്കണേ...

ഇനി ഈ വരികൾകൂടി തയ്യാറാക്കി അതിനോടൊപ്പം ചേർത്തുനോക്കൂ.



G4 G4 G5 E5 C5 B4 A4 A4
F5 F5 E5 C5 D5 C5 C5



പിയാനോയിൽ ജന്മദിനഗാനം നിർമ്മിച്ചല്ലോ.
ഗെയിമിലെ ബാക്കി ഘട്ടങ്ങളുംകൂടി
ടീച്ചറുടെ സഹായത്തോടെ ചെയ്തുനോക്കുമല്ലോ.

ശേഷം, ഏഴാമത്തെ ഘട്ടം തുറന്ന് താഴെ നൽകിയ പാട്ട്
നിർമ്മിക്കാൻ സാധിക്കുമോ എന്നു നോക്കൂ.




B3 E4 E4 F#4 E4 E4
B3 E4 E4 F#4 E4
B3 E4 E4 F#4 E4 E4
B3 E4 E4 F#4 E4




**കൂടുതൽ പാട്ടുകൾ തയ്യാറാക്കാം.**

ഇനി നിങ്ങൾ എപ്പോഴും പാടുന്ന പാട്ടുകൾ കമ്പ്യൂട്ടറിൽ തയ്യാറാക്കി നോക്കൂ.


പാട്ടിന്റെ ചിഹ്നങ്ങൾ
താഴെ എഴുതിയതിനു ശേഷമാണ്
പിയാനോയിൽ
വായിക്കേണ്ടത്.

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

❀❀❀

# അധ്യായം 4
# കമ്പ്യൂട്ടറിലെഴുതാം










## പ്രവർത്തനത്തിലേക്ക്...

### ക്യൂട്ട് റൈറ്റർ



CuteWriter




**ടീച്ചറോട്,**

Enter, Caps Lock, Space, Backspace എന്നീ കീകൾ കുട്ടികൾക്കു പരിചയപ്പെടുത്തേണ്ടതാണ്.

സേവ് ചെയ്തവ Open ഉപയോഗിച്ച് തുറന്നു കാണാം, മാറ്റം വരുത്താം.

## അധ്യായം 9

# ഞാനെവിടെ?







### പ്രവർത്തനത്തിലേക്ക്...

ജികോംപ്രിസ് → ലോജിക് → പൊസിഷൻസ്








**ടീച്ചറോട്,**

ജികോംപ്രിസിന്റെ ഭാഷ ഇംഗ്ലീഷിലേക്കു മാറ്റിയ ശേഷമാണ് ഈ ഗെയിം കളിക്കേണ്ടത്.

## അധ്യായം 10

# കലണ്ടറിലെ കളികൾ









## പ്രവർത്തനത്തിലേക്ക്...




തന്നിരിക്കുന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തുമല്ലോ.







ഉത്തരം ശരിയാണോ എന്നറിയാൻ ഇവിടെ ക്ലിക്ക് ചെയ്തുനോക്കൂ.

മറ്റു ലെവലുകൾ പരിശോധിച്ച് ഫെബ്രുവരിയിലെ പ്രവർത്തനം കണ്ടെത്തുമല്ലോ.



## അധ്യായം 11

# സംസ്ഥാനങ്ങളും തലസ്ഥാനങ്ങളും







കെ-ജ്യോഗ്രഫി സോഫ്റ്റ്വെയർ പരിശോധിക്കൂ...



### പ്രവർത്തനത്തിലേക്ക്...

കെ-ജ്യോഗ്രഫി




ഇന്ത്യയുടെ ഭൂപടം









| സംസ്ഥാനം | തലസ്ഥാനം |
|---|---|
| 1. ........................................... | 1. ........................................... |
| 2. ........................................... | 2. ........................................... |
| 3. ........................................... | 3. ........................................... |
| ........................................... | ........................................... |
| ........................................... | ........................................... |
| ........................................... | ........................................... |



## അധ്യായം 12
# ചുറ്റുമുള്ള അളവ്

"വട്ടത്തിൽ കുഴി കുത്തി
നീളത്തിൽ തടമിട്ടി-
ട്ടങ്ങനെ പാവണം ചെഞ്ചീര"







### പ്രവർത്തനത്തിലേക്ക്...












**ടീച്ചറോട്,**

ഘട്ടം-1 : ഗ്രിഡും അളവും പ്രദർശിപ്പിച്ചുകൊണ്ട്, സമചതുരക്കാർഡുകൾ ചേർത്തുവച്ച് ചുറ്റളവ് കാണുക.

ഘട്ടം 2 : സംഖ്യകൾ ഒഴിവാക്കി ഗ്രിഡ് മാത്രം നിലനിർത്തി ചുറ്റളവ് കാണാം. അതിനുശേഷം ഗ്രിഡ് ഒഴിവാക്കി സംഖ്യകൾ മാത്രം നിലനിർത്തി ചുറ്റളവ് കാണുക.

ഘട്ടം 3 : സംഖ്യകളും ഗ്രിഡും ഒഴിവാക്കി, രൂപം മാത്രം നിലനിർത്തി വശങ്ങളുടെ നീളം കണ്ടെത്തി ചുറ്റളവ് കാണുക.

# അധ്യായം 13
# മുങ്ങിക്കപ്പലിനെ സഹായിക്കാം







## പ്രവർത്തനത്തിലേക്ക്...






**എല്ലാ ലെവലുകളും കളിക്കാവുന്നതാണ്.**



# അധ്യായം 14
# ഉത്സവമേളം



അമ്മുവിന്റെ സ്കൂളിലെ പ്രവേശനോത്സവത്തിന്റെ ചിത്രം കണ്ടില്ലേ.

പുതിയ കൂട്ടുകാരെ വരവേൽക്കാൻ എന്തെല്ലാമാണ് സ്കൂളിൽ സജ്ജീകരിച്ചിരിക്കുന്നത്?




ഇവയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ഏതാണ്?

- ..........................................................................................................

സ്കൂൾ പ്രവേശനോത്സവത്തിൽ അമ്മുവും കൂട്ടുകാരും അവതരിപ്പിച്ച ചെണ്ടമേളം നമുക്കൊന്ന് കേട്ടുനോക്കാം.



ശബ്ദഫയൽ പ്രവർത്തിപ്പിച്ചുനോക്കിയല്ലോ.

മേളം എല്ലാവർക്കും ഇഷ്ടപ്പെട്ടില്ലേ... ഇത്തരമൊരു മേളം നമുക്കും നടത്താം.




## പ്രവർത്തനത്തിലേക്ക്...

താളം



**Thalam**



താളം ഉണ്ടാക്കാനുള്ള ഉപകരണങ്ങൾ കൂട്ടുകാർ ശ്രദ്ധിച്ചല്ലോ.

ആദ്യത്തെ ചെണ്ടയിൽ ക്ലിക്ക് ചെയ്തുനോക്കൂ.




ശേഷം, ഇതുപോലെ ക്ലിക്ക് ചെയ്ത് താളക്രമം ഉണ്ടാക്കാം.

ഇനി, മറ്റ് ഉപകരണങ്ങളിലെ താളം ഉണ്ടാക്കുന്ന ഭാഗത്ത് ക്ലിക്ക് ചെയ്ത് നിങ്ങൾക്ക് ഇഷ്ടമുള്ള രീതിയിൽ ഒരു മേളം ഉണ്ടാക്കൂ...







ടീച്ചറോട്,
നമുക്കാവശ്യമുള്ള ഫോർമാറ്റിലേക്ക് മാറ്റാൻ.
സേവ് ചെയ്യാൻ.
BPM : 120
Beats per Bar
4
Bar
1
Repeat
1
Beat
1
2
3
4
Divisions
Chenda-1
Chenda-2
Chenda-3
Chenda-4
Chenda-Roll-1
Chengila-Open

❀❀❀

## അധ്യായം 15
# വഴി കാണിക്കാം









## പ്രവർത്തനത്തിലേക്ക്...

ജികോംപ്രിസ്

വഴി പ്രോഗ്രാം ചെയ്യാം







❀❀❀

# അധ്യായം 16
# തുല്യമായി ഭാഗിക്കാം







## പ്രവർത്തനത്തിലേക്ക്...

ജികോംപ്രിസ്

GCompris



കണക്ക്




ഭിന്നസംഖ്യകൾ നിർമ്മിക്കാം






ഗെയിമിന്റെ എട്ട് ലെവലുകൾവരെ കളിക്കാവുന്നതാണ്.






## പ്രവർത്തനത്തിലേക്ക്...







❀❀❀

## അധ്യായം 17

# അനുസരണയുള്ള കമ്പ്യൂട്ടർ







നിർദേശങ്ങൾ നൽകി കമ്പ്യൂട്ടറിലെ ഡാങ്കോ ക്യാറ്റിനെ ചലിപ്പിക്കുന്ന പ്രവർത്തനം നമുക്കും ചെയ്യാം.



## പ്രവർത്തനത്തിലേക്ക്...




Scratch3 (TurboWarp)







മുകളിൽ കാണുന്ന രീതിയിൽ കോഡുകൾ ചേർത്തുവച്ച് സ്റ്റേജിനു മുകളിലെ  ൽ ക്ലിക്ക് ചെയ്തുനോക്കൂ.









ഇത് ചെയ്യുന്നതിന് ഒരു മാർഗം മാത്രമാണോ ഉള്ളത്?

കൂടുതൽ ദൂരം സഞ്ചരിക്കുന്നതിനായി, ടീച്ചറുടെ സഹായത്തോടെ നിർദേശങ്ങൾ വ്യത്യസ്ത രീതിയിൽ ക്രമീകരിച്ചുനോക്കൂ.

**ടീച്ചറോട്,**

ചുവടെ നൽകിയിരിക്കുന്ന സാധ്യതകൾ കുട്ടികളുമായി ചർച്ചചെയ്ത്, കോഡ് കമ്പ്യൂട്ടറിൽ പ്രവർത്തിപ്പിച്ചുനോക്കൂ.












## അധ്യായം 18
# രൂപങ്ങൾ നിർമ്മിക്കാം









**രൂപങ്ങൾ ചേർത്ത് കമ്പ്യൂട്ടറിൽ ചിത്രങ്ങൾ നിർമ്മിക്കാം.**

### പ്രവർത്തനത്തിലേക്ക്...

**ജികോംപ്രിസ്**

GCompris



**തൻഗ്രാം പസിലുകൾ**




രൂപങ്ങൾ
അവയുടെ നിഴലിലേക്ക്
ചേർത്തുവയ്ക്കൂ...
1


ഇടം വലം തിരിക്കാൻ
രൂപങ്ങളെ കറക്കാൻ

❀❀❀

## അധ്യായം 19

# വലയിലാക്കാം







## പ്രവർത്തനത്തിലേക്ക്...

ടക്സ് ടൈപ്പിങ്




ഫിഷ് കാസ്കേഡ്




മീഡിയം




ഷോർട്ട് വേർഡ്സ്









**ടീച്ചറോട്,**

Easy, Medium, Hard, Short words, Long words... തുടങ്ങിയവ തിരഞ്ഞെടുക്കാം.

❀❀❀

## കുറിപ്പുകൾ

................................................................................................................................................

## കുറിപ്പുകൾ

ടീച്ചറോട്,

ഒന്നുമുതൽ മൂന്നുവരെ ക്ലാസുകളിലെ 'കളിപ്പെട്ടി' പാഠപുസ്തകങ്ങളുടെ തുടർച്ച എന്ന നിലയിൽ, കൂടുതൽ ഗൗരവമായ പ്രവർത്തനങ്ങൾക്കായി കമ്പ്യൂട്ടർ ഉപയോഗിക്കുന്നതെങ്ങനെ എന്നാണ് നാലാം ക്ലാസിലെ ഈ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ഐ.സി.ടിയുടെയും ഇതര വിഷയങ്ങളുടെയും ആശയങ്ങളും അടിസ്ഥാനനൈപുണികളും കളികളിലൂടെ കുട്ടികളിൽ എത്തിക്കുന്ന 'എജുടെയിൻമെന്റ്' പഠനരീതിതന്നെയാണ് ഇവിടെയും അവലംബിച്ചിരിക്കുന്നത്.

ഇതിനായി ജികോംപ്രിസ് സോഫ്റ്റ്‌വെയറിനോടൊപ്പം ഡ്രോയിങ്, ടക്സ്മാത്ത്, എജുആക്ടിവേറ്റ്, കെ-ജ്യോഗ്രഫി, ഫെറ്റ്, താളം, സ്ക്രാച്ച്3, ടക്സ് ടൈപ്പിങ്, ക്യൂട്ട്റൈറ്റർ എന്നിങ്ങനെ വിവിധ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചിരിക്കുന്നു. ഇവ ഉപയോഗിച്ച് പ്രശ്നാധിഷ്ഠിതവും രസകരവുമായ ഗെയിമുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും വിവിധ ശേഷികൾ കുട്ടികളിലേക്കെത്തിക്കാൻ സാധിക്കും. മറ്റു വിഷയങ്ങളിലെ വിവിധ സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഈ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

കമ്പ്യൂട്ടറിൽ ചിത്രരചന പരിശീലിക്കാൻ **ചിത്രം വരയ്ക്കാം** എന്ന യൂണിറ്റും **റോമൻ അക്കങ്ങൾ, ഉന്നം പിടിക്കാം, ഗുണനം പഠിക്കാം, ചുറ്റുമുള്ള അളവ്, തുല്യമായി ഭാഗിക്കാം** എന്നിവ ഗണിതാശയങ്ങൾ വിനിമയം ചെയ്യാനും പ്രയോജനപ്പെടുത്താം. **പിയാനോ വായിക്കാം, ഉത്സവമേളം** എന്നിവ സംഗീതപഠനത്തിൽ താൽപ്പര്യം ജനിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി തയ്യാറാക്കിയതാണ്. **സംസ്ഥാനങ്ങളും തലസ്ഥാനങ്ങളും** എന്ന യൂണിറ്റിൽ പരിചയപ്പെടുത്തുന്ന കെ-ജ്യോഗ്രഫി എന്ന ഡിജിറ്റൽ ഭൂപട സോഫ്റ്റ്‌വെയർ ഭൂപടപഠനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായും **24 മണിക്കൂർ ക്ലോക്ക്, കലണ്ടറിലെ കളികൾ, ഞാനെവിടെ?** എന്നിവ പരിസര പഠനത്തിനായും **കമ്പ്യൂട്ടറിലെഴുതാം, വലയിലാക്കാം** എന്നിവ ഭാഷാപഠനത്തിനായും പ്രയോജനപ്പെടുത്താം.

കോഡിങ് ശേഷി ലോവർ പ്രൈമറി തലത്തിൽവച്ചുതന്നെ കുട്ടികൾ ആർജിക്കേണ്ടതാണ്. **അനുസരണയുള്ള കമ്പ്യൂട്ടർ** എന്ന യൂണിറ്റിൽ സ്ക്രാച്ച് എന്ന ബ്ലോക്ക് പ്രോഗ്രാമിങ് ഭാഷ ഉപയോഗിച്ചുള്ള ചെറിയ കോഡിങ് പ്രവർത്തനമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. നിർദേശങ്ങൾ നൽകി കമ്പ്യൂട്ടറിനെ അനുസരിപ്പിക്കുന്നത് കുട്ടികളെ സംബന്ധിച്ചിടത്തോളം ആഹ്ലാദകരമായ അനുഭവമായിരിക്കും. ഇതോടൊപ്പം യുക്തിചിന്തയും പ്രശ്നനിർധാരണശേഷിയും പരിപോഷിപ്പിക്കുന്നതിനായി **കനാൽ കടക്കാം, ക്രമത്തിലാക്കാം, മുങ്ങിക്കപ്പലിനെ സഹായിക്കാം, വഴി കാണിക്കാം, രൂപങ്ങൾ നിർമ്മിക്കാം** എന്നിവയും പ്രയോജനപ്പെടുത്താം.

ഇതിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നമ്മുടെ വിദ്യാലയങ്ങളിൽ സജ്ജമാക്കിയ സാങ്കേതികസൗഹൃദ ക്ലാസ്മുറികളും വിവരസംവേദന ഉപകരണങ്ങളും നിങ്ങൾക്ക് ശക്തിപകരുമെന്ന് തീർച്ചയാണ്. അതോടൊപ്പം, കുട്ടിക്ക് ലഭിക്കേണ്ട നേരനുഭവങ്ങൾ അതുപോലെ ലഭ്യമാക്കാനുള്ള അവസരവും ഒരുക്കുമല്ലോ.

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലികകർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

## കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽനിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

### നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online R.T.E Monitoring : www.nireekshana.org.in*